"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് - നൂറുൽ ഇമാം ജുമാ മസ്ജിദിനോട് ചേർന്നുള്ള കോൺക്രീറ്റ് വാൾട്ട് ഖബർസ്ഥാൻ -ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. കെ.സി ബാബു ഫയൽ ചെയ്ത W.P(C) No. 10435/2020 മേലുള്ള 05/06/2024 ലെ അന്തിമ വിധിന്യായം പാലിച്ച് - ഉപാധികളോടെ ലൈസൻസിനു അനുമതി നല്കാൻ നിർദേശിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt)No.2258/2024/LSGD തീയതി,തിരുവനന്തപുരം, 21-11-2024

---

പരാമർശം:-

1. നൂറുൽ ഇമാം ജുമാ മസ്ജിദ് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ച 25.03.2015 ലെ അപ്പീൽ പരാതി
2. ശ്രീ കെ.സി ബാബു ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.32843/2015 മേലുള്ള ബഹു. ഹൈക്കോടതിയുടെ 03.11.2015 ലെ അന്തിമ വിധിന്യായം
3. സ.ഉ(സാധാ) നം.1905/2016/ത.സ്വ.ഭ.വ തീയതി 10/06/2016 (Ext P14)
4. ശ്രീ കെ.സി ബാബു ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 38856/2015 കേസിലെ ബഹു. ഹൈക്കോടതിയുടെ 08/2/2019 ലെ തീയതിയിലെ അന്തിമ വിധിന്യായം.
5. WA.No.1213/2019 & 1216/2019 എന്നീ നമ്പർ കേസുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 27/05/2019 തീയതിയിലെ അന്തിമ വിധിന്യായം
6. സ.ഉ (സാധാ) നം.340/2020/തസ്വഭവ തീയതി 08/02/2020 (Ext P17)
7. എറണാകുളം ജില്ലാ കളക്ടറുടെ 6/3/2020ലെ നടപടിക്രമം (Ext P18)
8. ശ്രീ കെ.സി ബാബു ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) NO.10435/2020 മേലുള്ള 05/06/2024 തീയതിയിലെ വിധിന്യായം
9. എറണാകുളം ജില്ലാ കളക്ടറുടെ 18/7/2024 ലെ DCEKM /2041/2019/MS നമ്പർ കത്ത്

10. എറണാകുളം ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നം.362/TD/AW/2024 നമ്പർ കത്ത്

11. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 19/11/2024 തീയതിയിലെ കത്ത്

## ഉത്തരവ്

എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് 17-ാം വാർഡിൽ പുതുക്കാട് നൂറുൽ ഇമാം ജുമാ മസ്ജിദിനോട് ചേർന്നുള്ള 71 സെന്റ് സ്ഥലത്ത് ഒരു കോൺക്രീറ്റ് വോൾട്ട് ഖബർസ്ഥാൻ നിർമ്മിക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ അനുമതി നിരസിച്ചിരുന്നു. തുടർന്ന് ടി ആവശ്യത്തിനായി 27.12.2006 ൽ മസ്ജിദ് അപേക്ഷ സമർപ്പിക്കുകയും അപേക്ഷ പരിഗണിച്ച് ടി സ്ഥലത്ത് ഒരു ശ്മശാനം വന്നാൽ ആ സ്ഥലത്തെ ക്രമസമാധാനം തകരുമെന്ന കാരണത്താൽ 22.09.2007 ൽ എറണാകുളം ജില്ലാ കളക്ടർ ലൈസൻസ് നിരോധിച്ചിരുന്നു. നിരോധനാജ്ഞ നിലനിൽക്കെ 01.09.2013 ൽ ടി സ്ഥലത്ത് അനധികൃതമായി ഒരു മൃതദേഹം മറവ് ചെയ്തത് സമാധാനാന്തരീക്ഷത്തിന് വിഘാതമുണ്ടാകുവാൻ കാരണമായതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട എല്ലാവരേയും വിളിച്ചു ചേർത്ത് ഒരു അടിയന്തര യോഗം ചേരുകയും, പ്രസ്തുത സ്ഥലത്ത് മൃതദേഹങ്ങൾ അനുമതിയില്ലാതെ മറവ് ചെയ്യുന്നത് പൂർണ്ണമായി നിരോധിച്ചുകൊണ്ട് ജില്ലാ കളക്ടർ 20.09.2013-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പള്ളി അധികാരികൾ 26.11.2013-ൽ നിശ്ചിത ഫോറത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച ലൈസൻസിനായുള്ള അപേക്ഷ സ്ഥലത്തെ ക്രമസമാധാനത്തിന്റെ പേരിൽ 21.02.2015-ൽ ജില്ലാ കളക്ടർ നിരസിക്കുകയും, അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തി പുതിയ അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

2) സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മുമ്പാകെ എം.സി(ഒ.പി) 127/2014 ആയി ഫയൽ ചെയ്ത ഹർജിയിൽ ന്യൂനപക്ഷ കമ്മീഷൻ പള്ളി കമ്മിറ്റിയ്ക്ക് അനുകൂലമായി 30.11.2015 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ശ്മശാന നിർമ്മാണത്തിനെതിരായുള്ള ആക്ഷൻ കൗൺസിൽ കൺവീനർ ശ്രീ. കെ.സി ബാബു ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 38856/2015 ഫയൽ ചെയ്തു. ടി ഉത്തരവിന് സ്റ്റേ വാങ്ങുകയും ചെയ്തു. ഇതിനിടയിൽ ആക്ഷൻ കൗൺസിൽ കൺവീനർ ശ്രീ. കെ.സി ബാബു ഫയൽ ചെയ്തിരുന്ന പരാമർശം (2) ലെ WP(C) No.32843/2015 കേസിൻമേലുള്ള ബഹു.ഹൈക്കോടതിയുടെ അന്തിമവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, കരുമാല്ലൂർ ഗ്രാമപഞ്ചായത്തിലെ ജുമാ മസ്ജിദിനോട് ചേർന്നുള്ള 71 സെന്റ് സ്ഥലത്ത് സ്ഥലത്ത് കോൺക്രീറ്റ് വോൾട്ട് ഖബർസ്ഥാൻ നിർമ്മിക്കുന്നതിനുള്ള അനുമതി , അല്ലെങ്കിൽ പള്ളി അധികാരികൾ രണ്ടാമതായി പരാമർശിച്ച സ്ഥലത്തിൽ ഏതാണോ കോൺക്രീറ്റ് വോൾട്ട് നിർമ്മിക്കാനുള്ള അനുവാദം ; ഏതാണോ ചട്ടപ്രകാരം അനുവദനീയം എന്ന് പരിശോധിച്ച് ലൈസൻസ് നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും അന്തിമ വിധിന്യായം തീർപ്പാക്കിയും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാമർശം (4) ലെ അന്തിമവിധിന്യായത്തിനെതിരെ പരാതിക്കാരൻ അപ്പീൽ ഫയൽ ചെയ്യുകയും ടി അപ്പീലിൻമേലുള്ള പരാമർശം (5) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കരുമാലൂർ ജില്ലയിലെ സർവ്വെ നം 319/7 ൽപ്പെട്ട 84.80 $m^2$ സ്ഥലത്ത് നൂറുൽ ഇമാം ജുമാ മസ്ജിദിന് കോൺക്രീറ്റ് വോൾട്ട് ശ്മശാനം നിർമ്മിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും

ദഹിപ്പിക്കാനുള്ള സ്ഥലങ്ങൾ ) ചട്ടങ്ങൾ പ്രകാരം ശവം മറവ് ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നതിന് എറണാകുളം ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയും ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പാക്കി പരാമർശം (6) ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പരാതിക്കാരൻ വീണ്ടും പരാമർശം (6) ലെ സർക്കാർ ഉത്തരവിനെതിരെയും പരാമർശം (7) ലെ ജില്ലാ കളക്ടറുടെ നടപടിക്രമത്തിനെതിരെയും ബഹു. ഹൈക്കോടതി മുമ്പാകെ WP(C) NO.10435/202 കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതിയുടെ പരാമർശം (8) ലെ അന്തിമവിധിന്യായം ചുവടെ ചേർക്കുന്നു.

Accordingly, this writ petition is disposed of setting aside Ext.P17 Appellate Order and P18 consequential order and directing the first respondent to reconsider the appeal filed by respondent No.7 afresh, after hearing all the affected parties, within a period of two months from the date of receipt of a copy of this judgment.

3) മേൽ പ്രസ്താവിച്ച അന്തിമവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരൻ, എറണാകുളം ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എറണാകുളം ജില്ലാ പോലീസ് മേധാവി, എല്ലാ അവശ്യ പാർട്ടികളെയും ഉൾപ്പെടുത്തി അപ്പീൽ വീണ്ടും കേൾക്കുന്നതിനുള്ള ബഹു. ഹൈക്കോടതി നിർദേശത്തെത്തുടർന്ന് ഈ അപ്പീലിൽ എല്ലാവരെയും ഉൾപ്പെടുത്തി സ്പെഷ്യൽ സെക്രട്ടറി 10.7.2024, 08.08.2024 തീയതികളിൽ വാദം കേൾക്കുകയും തുടർന്ന് എറണാകുളം ജില്ലാകളക്ടർ, എറണാകുളം ആലുവ വെസ്റ്റ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ, എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിക്കുകയുമുണ്ടായി. ഹിയറിംഗിൽ മസ്ജിദിന്റെ സെക്രട്ടറി അറിയിച്ചതു പ്രകാരം അവർക്ക് മൃതദേഹം അടക്കം ചെയ്യുന്നതിന് വളരെ അധികം ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ടെന്നും, പഞ്ചായത്ത് രാജ് ചട്ടം പാലിക്കപ്പെട്ടിട്ടുള്ളതിനാൽ ക്രമസമാധാന ഘടകത്തിന്റെ കാരണത്താൽ അപേക്ഷ നിരസിക്കേണ്ടതല്ല, ടി പ്രദേശത്ത് വീടും ജലസ്ത്രോതസ്സും ഇല്ലായെന്നും മസ്ജിദിന്റെ അപേക്ഷാ തീയതിയ്ക്കുശേഷമാണ് പുതിയ വീട് വന്നിട്ടുള്ളത് ആയതിനാൽ കോൺക്രീറ്റ് വാൾട്ടിന് (ഖബർസ്ഥാന്) ലൈസൻസ് അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടു. പ്രദേശവാസികളുടെ എതിർപ്പ് മൂലമാണ് പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യത്തിൽ അനുമതി നൽകേണ്ട എന്ന തീരുമാനം കൈകൊണ്ടതെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. അപേക്ഷകനായ ശ്രീ കെ.സി ബാബുവിനെ കേട്ടതിൽ വാൾട്ട് നിർമ്മിച്ചത് അനുമതി ലഭ്യമാക്കാതെ ആയിരുന്നുവെന്നും 25 മീറ്റർ ദൂരത്തിൽ വീടുകളും ജലസ്ത്രോതസ്സുകളും ഉള്ളതിനാൽ ജില്ലാ കളക്ടർ മറ്റൊരു സ്ഥലം ശുപാർശ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നുവെന്നും അറിയിച്ചു. ഹിയറിംഗിൽ പങ്കെടുത്ത കളക്ടറുടെ പ്രതിനിധി 2015 ൽ പ്രദേശത്ത് ക്രമസമാധാന പ്രശ്നം, പൊതുജനങ്ങളുടെ എതിർപ്പ് ഉണ്ടായിയെന്നും 25 മീറ്റർ ദൂരത്തിൽ ജലസ്ത്രോതസ്സോ വീടുകളോ ഉണ്ടായിരുന്നില്ല എന്നും അറിയിച്ചു. 2013 ൽ

മൃതദേഹം മറവ് ചെയ്യപ്പോൾ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നുവെന്നും അനുമതി നൽകിയാൽ വർഗ്ഗീയ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയും പോലീസിന്റെ പ്രതിനിധി അറിയിച്ചു. കളക്ടേറ്റിൽ ഇക്കാര്യം പരിശോധിച്ച ഫയലും സർക്കാർ പരിശോധിച്ചു. ഹിയറിംഗിനുശേഷം കോടതി മുമ്പാകെ സമയപരിധി ദീർഘിപ്പിക്കാൻ അപേക്ഷ നൽകുകയും നിലവിലെ അവസ്ഥാ റിപ്പോർട്ടുകൾ ലഭ്യമാക്കി പരിശോധിക്കുകയുമുണ്ടായി. 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 3(2), 5(1), 5(2) മാനദണ്ഡങ്ങൾ പുതുക്കാട് നൂറുൽ ഇമാം ജുമാ മസ്ജിദിന്റെ ഖബർസ്ഥാൻ പാലിച്ചിട്ടുള്ളതായി കാണുന്നു.

4) ടി കേസിൽ സ്പെഷ്യൽ സെക്രട്ടറി നടത്തിയ ഹിയറിംഗിൽ വസ്തുതകളും നിയമവശങ്ങളും പരിശോധിക്കുകയുണ്ടായി. കോൺക്രീറ്റ് വാൾട്ട് സ്ഥാപിക്കുന്നതിനാവശ്യമായ ചട്ടപ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടോയെന്ന വസ്തുത പുന:പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ഒഴികെയുള്ള വാസഗൃഹങ്ങളിൽ നിന്നും ജലസ്രോതസ്സുകളിൽ നിന്നുമുള്ള 25M ദൂരപരിധി പാലിച്ചിട്ടുണ്ടെന്നു ഹിയറിങ് വേളയിൽ ജില്ലാ കളക്ടറുടെ പ്രതിനിധി അറിയിച്ചതുപ്രകാരവും കളക്ടറുടെ ഡിസ്പോസൽ ഫയലിലെ റിപ്പോർട്ടുകൾ, DMO 2014 നൽകിയ NOC എന്നിവയിൽ നിന്നും വ്യക്തമായിട്ടുണ്ട്. അസന്ദിഗ്ധമായ ഈ റിപ്പോർട്ടുകളെയും വിവരങ്ങളെയും ഖണ്ഡിക്കുന്ന പരാമർശയോഗ്യമായ യാതൊരു റിപ്പോർട്ടും മൊഴിയും ഹിയറിങ് വേളയിൽ ലഭ്യമായിട്ടില്ല. ന്യൂനപക്ഷ കമ്മീഷൻ നടത്തിയ ഹിയറിങ്ങിലും ഈ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനു വിഭിന്നമായി കണ്ടെത്തിയിട്ടുള്ളതായി DMO യുടെ പ്രതിനിധി നൽകിയ നിലവിലെ റിപ്പോർട്ട് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് തന്നെ കണക്കിലെടുക്കേണ്ടതില്ല.

a. DMO യുടെ ശുപാർശയോ മുൻപ് നൽകിയ NOC യെ ഖണ്ഡിക്കുന്ന പ്രത്യേക വിഷയങ്ങളോ പരാമർശിക്കാതെ ടെക്നിക്കൽ ഓഫിസർ പരിശോധിച്ച റിപ്പോർട്ട് മാത്രമാണ്.

b. കെ സി ബാബുവിന്റേതൊഴികെയുള്ള വാസഗൃഹങ്ങൾ ഇവിടെയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. മറ്റു സ്ഥാപനങ്ങളുടെ കാര്യം ഈ വിഷയത്തിൽ പരിഗണിക്കേണ്ടതാണെന്ന് കാണുന്നില്ല.

c. ഒരേയൊരു ജലസ്രോതസ്സായ പള്ളിയുടെ കിണറിന്റെ വിഷയം ഈ ഉത്തരവിൽ പ്രത്യേകം പരാമർശിക്കുന്നതാണ്.

5) ഹിയറിംഗിന്റെ സമയത്ത് സ്ഥലത്തെ ക്രമാസമാധാനപ്രശ്നം അപേക്ഷ നിരസിക്കുന്നതിനു മതിയായ കാരണമാണോയെന്ന് പരിശോധിച്ചു. WA.No. 1169 of 2014 IN WP(C).16966/2013 കേസിൽ ഹൈക്കോടതി ഈ വിഷയം പരിശോധിച്ചിട്ടുള്ളതാണ്.

*The learned Single Judge has also felt that in the absence of any other specific reasons for not establishing the burial ground in the said locality, an allegation that it would cause communal disharmony would be against the secular principles enunciated in the Constitution of India. We do not think that we will be justified in upsetting the said approach taken by the Government as well as the learned Single Judge.*

ഒരു സമുദായത്തിന്റെ ശ്മശാനം നിർമിക്കുന്നത് ഒരു കൂട്ടം ആളുകൾ എതിർക്കുന്നതും അത് പരിഗണിച്ച മാത്രം അനുമതി നിഷേധിക്കുന്നതും മതേതരസ്വഭാവത്തിന് എതിരാണെന്ന് ഹൈക്കോടതി മുകളിൽ പരാമർശിച്ച കേസിലും സമാന സ്വഭാവമുള്ള മറ്റു കേസുകളിലും പരാമർശിച്ചിട്ടുള്ളത് ഇവിടെ പരിഗണനാർഹമാണ്. ഇത് പരിഗണിച്ചുകൊണ്ട് പോലീസിന്റെ വാദം

മാത്രം കണക്കിലെടുത്ത് അനുമതി നിഷേധിക്കാനാവില്ല.

6) ഹർജിക്കാരന്റെ പരാതിയും എതിർപ്പും സ്വീകാര്യമാണോയെന്ന് പരിശോധിച്ചതിൽ നിന്നും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമാണ് ദൂരപരിധി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഈ ചട്ടങ്ങളിലെ 5(2) പ്രകാരം

*Whether there is any burial and burning place or not within the specified limit from the dwelling house is to be determined by considering the circumstance on the date of application for licence.*

*7) ഇപ്രകാരം നോക്കുമ്പോൾ ലൈസെൻസിനു ആദ്യം അപേക്ഷ സമർപ്പിച്ച 2013-ലെ തിയ്യതിക്ക് ശേഷം 30/7/14 മാത്രമാണ് ഹർജിക്കാരൻ ബിൽഡിങ് പെർമിറ്റ് കരസ്ഥമാക്കുകയും ഗൃഹനിർമാണം നടത്തുകയും ചെയ്തിട്ടുള്ളത് .അനുമതി ലഭ്യമാകാതെ കോൺക്രീറ്റ് വോൾട്ട് ഇവിടെ നിർമ്മിച്ചെന്ന വാദം കൂടി ഹർജിക്കാരൻ ഉയർത്തിയെങ്കിലും അനുകൂലമായ മുൻ സർക്കാർ ഉത്തരവും ലൈസൻസും പരിഗണിക്കുമ്പോൾ 6 ( 1 ) No new burial or burning ground, whether public or private, shall be opened, constructed or used without a licence from the concerned District Collector. എന്ന ചട്ടം ലംഘിക്കപ്പെട്ടു ഇവിടെ തെളിയിക്കപ്പെട്ടിട്ടില്ല.*

8) മേൽപ്രസ്താവിച്ച വസ്തുതകളുടേയും വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു . എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് 17-ാം വാർഡിൽ പുതുക്കാട് നൂറുൽ ഇമാം ജുമാ മസ്ജിദിനോട് ചേർന്നുള്ള 71 സെന്റ് സ്ഥലത്ത് ഒരു കോൺക്രീറ്റ് വാൾട്ടിന് *ലൈസൻസ് നൽകുന്നതിന് താഴെപ്പറയുന്ന വസ്തുതകളും വ്യവസ്ഥകളും ഉറപ്പുവരുത്തിക്കൊണ്ട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു :-*

1. പള്ളിയുടെ ഉടമസ്ഥതയിൽപ്പോലും 25m നുള്ളിൽ ഉപയോഗിക്കുന്ന ജലസ്രോതസ്സ് ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് യാതൊരു നിർമ്മാണപ്രവൃത്തിയും വോൾട്ടിന്റെ ഉപയോഗവും നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9) മേൽപ്രകാരം ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീ. കെ.സി ബാബു ഫയൽ ചെയ്ത W.P(C) No. 10435/2020 മേലുള്ള 05/06/2024 ലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഉത്തരവിൻ പ്രകാരം)
ANUPAMA T V
SPECIAL SECRETARY

1. അഡ്വക്കേറ്റ് ജനറൽ കേരള , എറണാകുളം (with C/L)
2. ശ്രീ. കെ.സി ബാബു, കടുവാ പറമ്പിൽ, പുതുക്കാട്, തട്ടമ്പാടി, കരുമാല്ലൂർ.പി.ഒ എറണാകുളം 683511.

3. സെക്രട്ടറി , നൂറുൽ ഇമാം ജുമാ മസ്ജിദ് ,പുതുക്കാട്, കരുമാല്ലൂർ,പി.ഒ, എറണാകുളം 683511.
4. ജില്ലാ കളക്ടർ, എറണാകുളം.
5. ജില്ലാ മെഡിക്കൽ ഓഫീസർ, എറണാകുളം
6. ഡിസ്ട്രിക്റ്റ് പോലീസ് ചീഫ്, എറണാകുളം
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
8. സെക്രട്ടറി, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്.
9. എക്സിക്യൂട്ടീവ് ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
10. കരുതൽ ഫയൽ ( DB3/71/2019-LSGD

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
സെക്ഷൻ ഓഫീസർ
Date: 22-11-2024 10:54:25